II.ഇ.ബി. XII--കേരള നിയമസഭ/I- 8

**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2006 ജൂൺ 29, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

41(*186) ശബരിമലയ്ക്കുവേണ്ടി മാസ്റ്റർപ്ളാൻ

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ) നൽകിയ മറുപടിയിൽ, ശബരിമല വികസനത്തിനുവേണ്ടി ഡൽഹി ആസ്ഥാനമായുള്ള ഇക്കോസ്മാർട്ട് ഇന്ത്യാ ലിമിറ്റഡ് എന്ന കൺസൾട്ടൻസി ഔട്ട്ലൈൻ ഓഫ് മാസ്റ്റർ പ്ളാൻ എന്ന പ്രാഥമികരേഖ തയ്യാറാക്കിയിട്ടുണ്ടെന്നും ഇത് കേന്ദ്ര സർക്കാരും സുപ്രീം കോടതിയും അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിലയ്ക്കലിൽ 110.524 ഹെക്ടർ വനഭൂമിയും, പെരിയാർ വന്യമൃഗ സങ്കേതത്തിലുള്ള 12.675 ഹെക്ടർ വനഭൂമിയും (പമ്പ മുതൽ സന്നിധാനം വരെയുള്ള നടപ്പാത) കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. രണ്ടാം ഘട്ടമായ 10 മുതൽ 15 വർഷത്തേയ്ക്കുള്ള ഇടക്കാല മാസ്റ്റർ പ്ളാനും 40 മുതൽ 50 വർഷത്തേയ്ക്കുള്ള വിപുലമായ മാസ്റ്റർ പ്ളാനുമാണ് ഇനി ഇക്കോ സ്മാർട്ട് തയ്യാറാക്കാനുള്ളത്. ഇക്കോസ്മാർട്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ളാൻ പ്രകാരം ലഭ്യമാകുന്ന ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആയതി

നാലും കേന്ദ്ര സർക്കാരും കേരള സർക്കാരും വികസന പ്ളാൻ തയ്യാറാക്കാൻ പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും ദേവസ്വം ബോർഡ് പ്രത്യേക പരിപാടിയൊന്നും തയ്യാറാക്കിയിട്ടില്ല. ഗവൺമെന്റ് പ്രതിനിധിയും ദേവസ്വം ബോർഡിന്റേയും മറ്റ് ഏജൻസികളുടേയും അംഗങ്ങളും അടങ്ങുന്ന കമ്മിറ്റി മാസ്റ്റർ പ്ളാൻ സൂപ്പർവൈസ് ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച വനഭൂമി നഷ്ടപ്പെടാതിരിക്കാൻ വകുപ്പുതല കോൺഫറൻസ് വിളിച്ച് നിയമാനുസൃതം ശബരിമലയിലെ കാര്യങ്ങൾ കൃത്യമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ശബരിമലയിൽ ചരിത്രാതീതകാലംതൊട്ട് നടന്നുവരുന്ന പൂജാദികർമ്മങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വിശ്വാസങ്ങൾക്കും തടസ്സമുണ്ടാകാത്തവിധത്തിലുള്ള കാര്യങ്ങളാണ് മാസ്റ്റർപ്ളാൻ വഴി കൂടുതൽ പരിപോഷിപ്പിക്കപ്പെടുന്നതെന്നും ഇതിൽ യാതൊരുവിധ മാറ്റങ്ങളും വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ലായെന്നും സന്നിധാനത്തിലേയ്ക്കെത്തുന്നതിനു മുമ്പുള്ള ഇടത്താവളങ്ങളിൽ ഭക്തജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് വകുപ്പുതല ഏകോപന സമിതിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

42(*187) <u>വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി</u>

പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, കേരളത്തിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കൽ, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, റീ കണ്ടക്ടറിംഗ്, കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കൽ എന്നീ

പ്രവർത്തനങ്ങൾ പ്രസരണ മേഖലയിൽ നടന്നുവരുന്നുണ്ട്. നിർമ്മാണത്തിലുള്ള സബ്സ്റ്റേഷനുകളുടെ പ്രവർത്തനമാരംഭിക്കുന്നതോടുകൂടി ഗ്രാമപ്രദേശങ്ങളിലെ വോൾട്ടേജ് നില ഗണ്യമായി മെച്ചപ്പെടുന്നതാണ്. വിതരണ വിഭാഗത്തിൽ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക; പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക; നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുക; സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കി മാറ്റുക എന്നീ ജോലികൾ വോൾട്ടേജ് ഇംപ്രൂവ്മെന്റ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതികളിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ ചെയ്തുവരുന്നുണ്ട്. വോൾട്ടേജ് ക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന പീക്ക് ലോഡ് സമയത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിച്ച് ആവശ്യമായത്ര വോൾട്ടേജ് നിലനിർത്തുന്നതിനുവേണ്ട പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആവിഷ്ക്കരിച്ചുനടപ്പിലാക്കിവരുന്ന എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്. ഈ പദ്ധതിയുടെ സർക്കിൾ സ്കീം, ടൗൺ സ്കീം, സിറ്റി സ്കീം എന്നിവയുടെ ഭാഗമായി അണ്ടർഗ്രൗണ്ട് കേബിൾ സിസ്റ്റം ഫലപ്രദമായി നടപ്പിലാക്കാൻ ആലോചിക്കുകയാണ്. എ.പി.ഡി.ആർ.പി. മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ട്രാൻസ്മിഷൻ രംഗവുമായി ബന്ധപ്പെട്ട് ഈ വർഷം 113 സബ്സ്റ്റേഷനുകൾ ലക്ഷ്യമിട്ടിരുന്നതിൽ 220 കെ.വി.–4, 110 കെ.വി–10, 66 കെ.വി–4, 33 കെ.വി–47 (65 എണ്ണം) പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. 8500 ട്രാൻസ്ഫോർമറുകൾ ഈ വർഷം ഇൻസ്റ്റാൾ ചെയ്യാനും 6000 കിലോമീറ്റർ ദൈർഘ്യമുള്ള 11 കെ.വി. ലൈൻ സ്ഥാപിക്കൽ, സിംഗിൾ ഫേസ് ത്രീഫേസ് ആക്കൽ, 1700 കിലോമീറ്റർ പുതിയ ലൈൻ വലിക്കൽ, മോശമായ കണ്ടക്ടർ മാറ്റി കപ്പാസിറ്റർ

സ്ഥാപിക്കൽ എന്നിവ സെക്ഷൻ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസരണ–വിതരണ–ഉല്പാദന രംഗങ്ങളെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. മെറ്റീരിയൽസ് കിട്ടുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിന് ബോർഡിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഇപ്പോൾ പൊതുമേഖലാ സ്ഥാപനമായ കെൽ–ൽനിന്നാണ് മെറ്റീരിയൽസ് വാങ്ങുന്നതെന്നും അടുത്ത അഞ്ചുവർഷങ്ങൾകൊണ്ട് ഒരു കോടി ഉപഭോക്താക്കൾക്ക് 4000 മെഗാവാട്ട് വൈദ്യുതി ആവശ്യമായി വരുന്ന സാഹചര്യത്തിൽ കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഇലക്ട്രോണിക് മീറ്റർ ഉൾപ്പെടെയുള്ള മെറ്റീരിയൽസ് സപ്ളൈ ചെയ്യുന്നതിന് തയ്യാറാകണമെന്നും മന്ത്രി പറഞ്ഞു. പ്രീമൺസൂൺ മെയിന്റനൻസ് യഥാസമയം നടത്തുന്നതിനും ട്രാൻസ്ഫോർമറുകൾ ചാർജ്ജ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സൗരോർജ്ജം, കാറ്റിൽനിന്നുള്ള വൈദ്യുതി തുടങ്ങി പാരമ്പര്യേതര ഊർജ്ജ സംവിധാനങ്ങളിൽനിന്നും പരമാവധി ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് ഗവൺമെന്റ് പ്രാധാന്യം നൽകും. ലൈനിലെ ടച്ചിംഗ് നീക്കുന്നതിനും അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ (ആർ.ജി.ജി.വി.വൈ.) ഭാഗമായി കേരളത്തിലെ മുഴുവൻ ജില്ലകൾക്കുമായി കേന്ദ്ര ഗവൺമെന്റ് രൂപംകൊടുത്ത 438 കോടി രൂപയുടെ ഗ്രാമീണ വൈദ്യുതീകരണ പദ്ധതി ടേൺകീ, ഫ്രാഞ്ചൈസി തുടങ്ങിയ വ്യവസ്ഥകൾ പുന:പരിശോധിച്ച് നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്. അപേക്ഷിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും

കണക്ഷൻ നൽകുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നയമെന്ന് മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

43(*193) സഹകരണ മേഖലയുടെ പ്രവർത്തനം

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സഹകരണ മേഖലയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നറിയിച്ചു. 4 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പകൾ നൽകി കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കാനും കാർഷിക വായ്പാ രംഗത്ത് സഹകരണ സംഘങ്ങളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പു വരുത്താനും ഈ വർഷം അര ലക്ഷം പുതിയ കിസാൻ ക്രെഡിറ്റ് കാർഡുകൾ പ്രാഥമിക സഹകരണ സംഘങ്ങൾവഴി നൽകുവാനും സ്വയംസഹായ സംഘങ്ങളുടെ എണ്ണം 50,000 ആയി വർദ്ധിപ്പിക്കാനും കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുമായി പ്രത്യേക പഠനം നടത്തുന്നതിനും സ്കൂൾ, കോളേജ് സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും പഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. സഹകരണ അക്കാഡമിയുടെ കീഴിൽ നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ ബ്രാഞ്ചുകളും, എം.ബി.എ., എം.സി.എ. തുടങ്ങിയ കോഴ്സുകളും ആരംഭിക്കുവാനും നിലവിലുള്ള കോഴ്സുകളിലെ വിദ്യാർത്ഥി പ്രവേശനം വർദ്ധിപ്പിക്കുവാനും സൗജന്യമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആലപ്പുഴ ജില്ലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുവാനും

കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിൽ മൂന്ന് പാരാ മെഡിക്കൽ കോഴ്സുകൾ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. സർക്കാർ ഇൻസെന്റീവ് ഗ്രാന്റായി ലഭിക്കുവാനുള്ള തുകയും പുതിയ വായ്പകളിൽനിന്ന് ലഭ്യമാകുന്ന തുകയും ഉപയോഗിച്ച് ലാഭമോ നഷ്ടമോ വരാത്ത രീതിയിലുള്ള ഫീസ് ഈടാക്കിയും സർക്കാരിൽ നിന്നും മറ്റു ധനസഹയായങ്ങൾ സ്വീകരിച്ചും പുതിയ പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിയുന്നതാണ്.

44(*199) <u>അനുഷ്ഠാന കലാകാരന്മാർക്ക് സഹായം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, അനുഷ്ഠാന കലാകാരന്മാരുൾപ്പെടെ 2000 അവശ കലാകാരന്മാർക്ക് പ്രതിമാസം 500 രൂപ വീതം സഹായം നൽകുന്ന പദ്ധതിയും നിർദ്ധനരായ കലാകാരന്മാർക്ക് പരമാവധി 10,000 രൂപ വരെ ചികിൽസാ സഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ടെന്ന് അറിയിച്ചു.

45(*204) <u>സഹകരണ സ്ഥാപനങ്ങൾ വഴി നൽകിയ വിദ്യാഭ്യാസ വായ്പകൾ</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സഹകരണ സ്ഥാപനങ്ങൾ 2005-06-ൽ 9117 വിദ്യാഭ്യാസ വായ്പകളിലായി 4697.71 ലക്ഷം രൂപ നൽകിയിട്ടുണ്ടെന്നറിയിച്ചു.

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

61(1166) <u>അൺഎയ്ഡഡ് പ്ലസ് ടു കോഴ്സ്</u>

സംസ്ഥാനത്ത് അൺ എയ്ഡഡ് പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുള്ള 126 എയ്ഡഡ് സ്കൂളുകളിൽ 49 എണ്ണം പിന്നോക്ക ജില്ലകളായ ഇടുക്കി, പാലക്കാട്, വയനാട്,. മലപ്പുറം, കാസർകോട് ജില്ലകളിലാണ്.

62(1185) <u>ഗവണ്മെന്റ് പ്രൊഫഷണൽ കോളേജിലെ വിദ്യാർത്ഥികളുടെ പഠനച്ചെലവ്</u>

ഗവണ്മെന്റ് പ്രൊഫഷണൽ കോളേജുകളിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കുംവേണ്ടി സർക്കാർ ചെലവഴിക്കുന്ന തുകയും ട്യൂഷൻ ഫീസിനത്തിൽ ഓരോ വിദ്യാർത്ഥിയും ചെലവാക്കേണ്ടി വരുന്ന തുകയും താഴെക്കൊടുക്കുന്നു.

| കോഴ്സ് | സർക്കാർ ചെലവാക്കുന്ന തുക (രൂപ) | വിദ്യാർത്ഥി ചെലവാക്കുന്ന ട്യൂഷൻ ഫീസ് (രൂപ) |
|---|---|---|
| എം.ബി.ബി.എസ് | 1,00,775 | 12,225 |
| ബി.ഡി.എസ്. | 63,775 | 12,225 |
| ബി.എ.എം.എസ് | 43,705 | 1,795 |
| ബി.എസ്.സി.നഴ്സിംഗ് | 40,310 | 9,090 |
| ബി.ഫാം | 25,910 | 9,090 |
| എഞ്ചിനീയറിംഗ് | 32,500 | 6,200 |

63(1201) <u>അവശകലാകാര പെൻഷൻ</u>

സംസ്ഥാനത്ത് 1548 അവശകലാകാരന്മാർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. 778 പേർ പുതുതായി പെൻഷൻ ലഭിക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

64(1202) <u>എസ്.എസ്.എ. പദ്ധതി</u>

സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം സംസ്ഥാനത്ത് 306 സ്കൂൾ കെട്ടിടങ്ങൾ, 2866 അഡീഷണൽ ക്ളാസ് മുറികൾ, 5895 കുടിവെള്ള സൗകര്യങ്ങൾ, 2329 ചുറ്റുമതിൽ, 3338 ക്ളാസ് ഇടഭിത്തി, 2760 വൈദ്യുതീകരണം എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 239 സ്കൂളുകൾക്ക് സ്വന്തമായി സ്ഥലം

ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും എസ്.എസ്.എ. പദ്ധതിപ്രകാരം അനുവദിക്കുന്നതാണ്.

65(1206) <u>സ്കൂൾതലത്തിൽ കായിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി</u>

സ്കൂളുകളിൽ കായിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിന് 129 സ്കൂളുകളിലെ (സ്പെഷ്യൽ കോച്ചിംഗ് സെന്ററുകൾ) യുവകായിക പ്രതിഭകൾക്ക് 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സുവരെ പ്രത്യേക പരിശീലനവും ജില്ലാ കോച്ചിംഗ് ക്യാമ്പ്, സമ്മർ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ച് പരിശീലനവും നൽകുന്നുണ്ട്. ജില്ലാ സംസ്ഥാന കായിക മൽസര വിജയികൾക്ക് പ്രൈസ് മണിയും ദേശീയ മൽസരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 5000, 4000, 3000 രൂപ വീതം ക്യാഷ് അവാർഡും എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷകൾക്ക് ഗ്രേസ് മാർക്കും നൽകുന്നുണ്ട്. കായിക രംഗത്തെ മികവ് തെളിയിക്കുന്ന സ്കൂളുകൾക്ക് കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നുണ്ട്. സമർത്ഥരായ 120 കുട്ടികളെ വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ജില്ല, സോണൽ മൽസരങ്ങളിലൂടെ തെരഞ്ഞെടുത്ത് ജി.വി.രാജാ സ്പോർട്സ് സ്കൂളിലും സ്പോർട്സ് ഡിവിഷനിലും 8-ാം ക്ലാസ്സിൽ പ്രവേശനം നൽകുന്നു. ഇവരുടെ 10-ാം ക്ലാസ്സുവരെയുള്ള ചെലവുകൾ സർക്കാരാണ് വഹിക്കുന്നത്.

66(1222) <u>സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾ</u>

സംസ്ഥാനത്ത് 573 സി.ബി.എസ്.ഇ സ്കൂളുകളും 78 ഐ.സി.എസ്.ഇ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. (2001 മുതൽ 2006 വരെ) മൊത്തം 419 സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്.

67(1232) <u>കാലവർഷക്കെടുതിയിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം</u>

വെള്ളപ്പൊക്കത്തിൽ വസ്ത്രങ്ങളും വീട്ടുപകരണങ്ങളും നഷ്ടപ്പെടുന്ന കുടുംബത്തിന് 500 രൂപവീതവും പൂർണ്ണമായും നഷ്ടപ്പെട്ട വീടൊന്നിന് 25,000 രൂപയും പുനർ നിർമ്മാണത്തിന് സാധിക്കുന്ന സാധനസാമഗ്രികളുള്ള വീടൊന്നിന് 15,000 രൂപയോ യഥാർത്ഥ നഷ്ടമോ ഏതാണോ കുറവ് അതും ഭാഗികമായി നഷ്ടപ്പെട്ട വീടുകൾക്ക് 5000 രൂപയും നഷ്ടപരിഹാരമായി നൽകുന്നു.

68(1286) <u>ആദിവാസികൾക്ക് ഭൂമി</u>

ആദിവാസികൾക്ക് ഭൂമി നൽകുന്നതുസംബന്ധിച്ച സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ 4652 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്.

69(1295) <u>വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

സംസ്ഥാന വൈദ്യുതി ബോർഡിന് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 31–3–2006 വരെ 1477.37 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

70(1299) <u>ഇലക്ട്രിസിറ്റി ബോർഡിന്റെ സാമ്പത്തിക ബാധ്യത</u>

ഇലക്ട്രിസിറ്റി ബോർഡ് 31–3–2005–ൽ ധനകാര്യ സ്ഥാപനങ്ങൾക്കും മറ്റും കൊടുത്തുതീർക്കേണ്ട ബാദ്ധ്യത 4229.92 കോടി രൂപയാണ്.

71(1322) <u>സംസ്ഥാന സഹകരണ ബാങ്കിൽനിന്നും നൽകിയ വായ്പകൾ</u>

സംസ്ഥാന സഹകരണ ബാങ്കിൽനിന്നും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 7140.06 കോടി രൂപ ലോൺ കൊടുത്തതിൽ 30–6–2006 വരെ തിരിച്ചടയ്ക്കേണ്ട 5391.96 കോടി രൂപയിൽ 4866.06 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്.

72(1341) <u>കയർ വ്യവസായ നവീകരണ പദ്ധതി</u>

കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായി സംസ്ഥാന ഗവണ്മെന്റും കയർ ബോർഡും ചേർന്ന് നൽകിയ പദ്ധതിയായ ആലപ്പി കയർ ക്ളസ്റ്റർ പദ്ധതി നടപ്പിലാക്കാൻ 58.6 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും 14.20 കോടി രൂപ 2004–05–ൽ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. തൊണ്ടിൽനിന്നും ചകിരി വേർതിരിക്കൽ പ്ളാന്റ്, കയർ ഉൽപാദന യൂണിറ്റുകൾ, കയർ മാറ്റിംഗ് യൂണിറ്റുകൾ, കയർ ഭൂവസ്ത്ര വികസനം, കയർ പിത്ത് സംസ്കരണ യൂണിറ്റുകൾ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ, മലിനീകരണ സംസ്കരണ പ്ളാന്റ് തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര പദ്ധതിയായ Production Enhancement Linked Coir Workers Welfare എന്ന പദ്ധതി കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ്. 10 ലക്ഷം രൂപയാണ് ഓരോ കള്സറ്ററിലും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. കയർ തൊഴിലാളികൾക്കുവേണ്ടിയുള്ള കോമൺ ഫെസിലിറ്റിയാണ് ഈ പദ്ധതിപ്രകാരം നിർമ്മിക്കുന്നത്. കൊല്ലം ജില്ലയിലെ പെരുമൺ, ആലപ്പുഴ

ജില്ലയിലെ പട്ടണക്കാട്, കാക്കാത്തുരുത്ത്, കോട്ടയം ജില്ലയിലെ വൈക്കം, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കണ്ണൂർ ജില്ലയിലെ നീലേശ്വരം

എന്നീ സ്ഥലങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. Scheme of Fund for Regeneration of Traditional Industries (SFRURTE) എന്ന മറ്റൊരു കേന്ദ്ര പദ്ധതിക്ക് ഓരോ ക്ളസ്റ്ററിലും ഓരോ കോടി രൂപയാണ് ചെലവഴിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ മങ്ങാട്, കോട്ടയം ജില്ലയിലെ വൈക്കം, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നിവയാണ് കേന്ദ്ര സർക്കാർ അംഗീകരിച്ച 4 കള്സ്റ്ററുകൾ. നാലിലൊന്ന് എച്ച്.പി. പരമ്പരാഗത റാട്ടിൽ സ്ത്രീകൾക്ക് കയർ പിരിക്കുന്നതിൽ പരിശീലനം നൽകി സൗജന്യമായി റാട്ടു നൽകുന്ന മഹിളാ കയർ യോജന പദ്ധതി കയർ ബോർഡും സംസ്ഥാന ഗവണ്മെന്റും ചേർന്നു നടപ്പിലാക്കുന്ന മറ്റൊരു കേന്ദ്ര പദ്ധതിയാണ്. ഇതിന്റെ 75 ശതമാനം തുക കേന്ദ്ര സർക്കാർ വഹിക്കുന്നു. ഇതുകൂടാതെ കയറിനും കയറുൽപന്നങ്ങൾക്കും പുതിയ വിപണികൾ കണ്ടെത്തുന്നതിനും വിപണനത്തിന് പ്രൊഫഷണൽ രീതി അവലംബിക്കുന്നതിനുമായി 50 ശതമാനം കേന്ദ്രസർക്കാരിന്റെ സഹായത്തോടെ വിപണി വികസന സഹായം (എം.ഡി.എ) പദ്ധതികൾ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങളായ കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയ്ക്കും അപെക്സ് സംഘമായ കയർഫെഡിനും നൽകി വന്നിരുന്നത് ഈ വർഷവും തുടരും. 2006–07 സാമ്പത്തിക വർഷം 200 ലക്ഷം രൂപ ഈ പദ്ധതിക്ക് ചെലവഴിക്കും.

73(1343) <u>കയറുൽപന്നങ്ങളുടെ കയറ്റുമതി വരുമാനം</u>

കയറുൽപന്നങ്ങളുടെ കയറ്റുമതിയിലൂടെ 2003–04–ൽ 407.49 കോടി രൂപയുടേയും 2004–05–ൽ 473.40 കോടി രൂപയുടേയും 2005–06–ൽ 508.44 കോടി രൂപയുടേയും വരുമാനമുണ്ടായി.